## ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

### 2014 ജൂൺ 30-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 53/2015/ടി.ഡി. (എസ്.ആർ.ഒ. നമ്പർ 187/2015) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി ഫോറിൻ ലിക്വർ (അമെന്റ്മെന്റ്) റൂൾസിന് ശ്രീ. എൻ.ഷംസുദ്ദീൻ നൽകിയ ഭേദഗതികളുടെ പരിഗണന

Shri. N. Samsudheen: Sir, I move the following amendement.

" The Notification in S.R.O. No.187/2015" shall be annulled.

അബ്കാരി ആക്ടുമായി ബന്ധപ്പെട്ട് രണ്ട് എസ്.ആർ.ഒ. കളിൽ വന്നിട്ടുള്ള പിശകുകളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എസ്.ആർ.ഒ. നം. 187/2015- In exercise of the powers conferred by Sections 18A, 24 and 29 of the Abkari Act, 1 of 1077, the Government of Kerala hereby make the following rules further to amend the Foreign Liquor Rules. ഇതിൽ വന്നിട്ടുള്ള സംഗതി ഞാൻ അതിന്റെ കൃത്യമായ പോയിന്റിലേയ്ക്ക് പോകാം. Amendment of the Rules,- In the Foreign Liquor Rules, in sub-rule (9 ) of Rule 13, for the letters, figures, words and brackets" Rs. 25,00,000 (Rupees Twenty Five Lakhs Only)" the letters, figures, words and brackets " Rs. 1,00,000 (Rupees One Lakh Only)" shall be substituted. ഇവിടെ ഇതിന്റെ explanatory note-ൽ പറയുന്നത് As per G.O. (MS) No. 113/2014 /TD dated 15th July, 2014 the Government

have decided to reduce the Annual Rental of Foreign Liquor 9 shops from Rs. 25 lakhs to Rs. 1 lakh for the year 2015-2016. In order to give statutory validity to the above decision the Foreign Liquor Rules needs to be amended suitably. ഇതാണ് ഇതിൽ പറയുന്നത്. ലിക്വർ ഷോപ്പുകൾ 25 ലക്ഷം രൂപ ആനുവൽ റെന്റായി സംസ്ഥാന സർക്കാരിന് അടയ്ക്കേണ്ടത് ഒരു ലക്ഷം രൂപയായി ചുരുക്കിക്കൊടുത്തിരിക്കുകയാണ്. ഇത് രണ്ടുതരത്തിൽ നമുക്ക് ദോഷമാണ്. ഒന്ന്, റവന്യൂ വരുമാനത്തിൽ 25 ലക്ഷം വരേണ്ടിടത്ത് ഒരു ലക്ഷം രൂപയാണ് വരുന്നത്. രണ്ട്, മദ്യക്കച്ചവടക്കാർക്ക് 25 ലക്ഷം രൂപ അടയ്ക്കേണ്ടിടത്ത് ഒരു ലക്ഷം രൂപയായി ചുരുക്കിക്കൊടുക്കുന്നത് മദ്യവർജ്ജനം എന്ന നമ്മുടെ അടിസ്ഥാന നയത്തിന് വിരുദ്ധമാണ്. എന്റെ അമെന്റ്മെന്റ് " The Notification in S.R.O. No.187/2015" shall be annulled. ആ ഒരു സെക്ഷൻ അതിൽ നിന്ന് മാറ്റണം. 25 ലക്ഷം രൂപ വാങ്ങേണ്ടിടത്ത് ഒരു ലക്ഷം രൂപ വാങ്ങി അബ്കാരി മുതലാളിമാരെ സഹായിക്കുന്ന സമീപനം ഉണ്ടാകരുത്. ഗവൺമെന്റിന്റെ മദ്യവർജ്ജന നിലപാടിന് വിരുദ്ധവുമാകരുത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ചില കാര്യങ്ങൾ തെറ്റിദ്ധരിച്ചാണ്

പറഞ്ഞത്. ഇത് മദ്യമുതലാളിമാർക്ക വേണ്ടിയുള്ള ആനുകൂല്യമല്ല. 2013-ലെ ധനകാര്യ ബിൽ മുഖേന കേന്ദ്ര സർക്കാർ പ്രത്യക്ഷ നികുതി നിയമം സെക്ഷൻ 40 (എ) ഭേദഗതി ചെയ്തു. ഈ ഭേദഗതി മുഖേന സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ സർക്കാരിന് നൽകുന്ന ലൈസൻസ് ഫീസ്, റോയൽറ്റി, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഫീസുകൾ വരുമാന നികുതി കണക്കാക്കുമ്പോൾ പരിഗണിക്കാൻ പാടില്ലെന്ന നിബന്ധന കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നു. ഇതുമൂലം കെ.എസ്.ബി.സി. സംസ്ഥാന സർക്കാരിന് നൽകുന്ന ലൈസൻസ് ഫീസ്, ഗ്യാരേജ് ഫീസ് എന്നിവ സ്ഥാപനത്തിന്റെ ലാഭത്തിൽ ഉൾപ്പെടുത്തി നികുതി നൽകേണ്ടതായിവന്നു. ഇത് കെ.എസ്.ബി.സി.യുടെ സാമ്പത്തിക ഭദ്രതയ്ക്ക് ഭീഷണിയായി. ഇത്തരത്തിൽ നികുതി കണക്കാക്കുമ്പോൾ ഓരോ വർഷവും വരുമാന നികുതി ഏതാണ്ട് 140 കോടി രൂപ കെ.എസ്.ബി.സി. ക്ക് അധികമായി നൽകേണ്ടിവന്നു. കെ.എസ്.ബി.സി. യുടെ വരുമാന നഷ്ടം കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചു.

- ഗ്യാരേജ് ഫീസ്, FL-1, FL- 9 ഷോപ്പുകളുടെ റെന്റൽ ഫീസ് എന്നിവ കുറയ്ക്കുക.
- എക്സൈസ് വകുപ്പിനുണ്ടാകുന്ന വരുമാന നഷ്ടത്തിന് ആനുപാതികമായി

നിലവിലുണ്ടായിരുന്ന എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുക.

- എക്സൈസ് ഡ്യൂട്ടിയിൽ വർദ്ധനവ് വരുത്തുന്നതുകൊണ്ടുണ്ടാകുന്ന വിൽപ്പന വിലയിലെ വർദ്ധനവ് ഒഴിവാക്കുന്നതിന് കെ.എസ്.ബി.സി. യുടെ ലാഭശതമാനം കുറയ്ക്കുക.

മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടുകൂടിയാണ് കെ.എസ്.ബി.സി. യുടെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനുവേണ്ടി ഈ തീരുമാനമെടുത്തത്. കെ.എസ്.ബി.സി. യുടെ FL-1 ഷോപ്പുകളുടെ റെന്റൽ തുക 63 ലക്ഷം രൂപയിൽനിന്നും 3 ലക്ഷം രൂപയായി കുറച്ചു. ഇതുമൂലം ഏതാണ്ട് 230 കോടി രൂപയുടെ നഷ്ടം എക്സൈസ് വകുപ്പിനുണ്ടായി. FL-9 ഷോപ്പുകളുടെ, അതായത് വെയർഹൗസുകളുടെ റെന്റൽ തുക 25 ലക്ഷം രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി കുറച്ചു. ഇതുമൂലം 5.28 കോടി രൂപയുടെ നഷ്ടമുണ്ടായി. മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി വിവിധ സ്ലാബുകളിൽ 14.5 ശതമാനം മുതൽ 16 ശതമാനം വരെ ആയിരുന്നത് 21 ശതമാനം മുതൽ 23.5 ശതമാനം വരെയാക്കി വർദ്ധിപ്പിച്ചു. ഇതുവഴി ഏതാണ്ട് 600 കോടി രൂപയുടെ വരുമാന വർദ്ധനവ് എക്സൈസ് വകുപ്പിനുണ്ടാകും. ഗ്യാരേജ് ഫീസ് 11.87 രൂപ ആയിരുന്നത് രണ്ട് രൂപയായി കുറയ്ക്കുന്നതോടുകൂടി 300 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി.

കെ.എസ്.ബി.സി. യുടെ വെയർഹൗസ് ലാഭവിഹിതം 36 ശതമാനത്തിൽ നിന്നും 20 ശതമാനമായി കുറച്ചു. ഈ മാറ്റങ്ങൾ കൊണ്ട് എക്സൈസ് വകുപ്പിന് വരുമാന നഷ്ടമുണ്ടാകുന്നില്ല. മറിച്ച് നേരിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എക്സൈസ് വകുപ്പിന് കെ.എസ്.ബി.സി. യഥാർത്ഥത്തിൽ നൽകുന്ന ഫീസുകൾ കെ.എസ്.ബി.സി. യുടെ ലാഭത്തിൽ ഉൾപ്പെടുത്തി നികുതി നൽകേണ്ടിവരുന്നത് ന്യായയുക്തമല്ലാത്തതുകൊണ്ടും കെ.എസ്.ബി.സി. യുടെ സാമ്പത്തിക താൽപ്പര്യം കണക്കിലെടുത്തുമാണ് കെ.എസ്.ബി.സി. ഷോപ്പുകൾക്ക് വെയർഹൗസ് ആന്റ് റീട്ടെയിൽ ഷോപ്പ് ചുമത്തിയിരുന്ന ലൈസൻസ് ഫീസ്, റെന്റൽ തുക കുറച്ചത്. ഇതുവഴി കെ.എസ്.ബി.സി. യുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുവാനും എക്സൈസ് വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവുണ്ടാക്കുന്നതിനും സാധിച്ചു. മദ്യത്തിന്റെ വിലയിൽ കുറവൊന്നും വരുത്തിയിട്ടുമില്ല. ഇക്കാരണങ്ങളാൽ എസ്.ആർ.ഒ. നമ്പർ. 187/2015 റദ്ദാക്കേണ്ട ആവശ്യമില്ല. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ എസ്.ആർ.ഒ. റദ്ദാക്കണം. സർക്കാരിന്റെ നികുതി വരുമാനത്തിലാണ് നിങ്ങൾ കൈകടത്തുന്നത്.

<u>ശ്രീ. കെ. ബാബു</u>: സർ, ഇൻകം ടാക്സായി പോകുന്ന പണം ലാഭിക്കാൻവേണ്ടി

ചെയ്ത ഒരു നടപടിയാണിത്. സർക്കാരിന് നഷ്ടമുണ്ടായിട്ടില്ല. അതുകൊണ്ട് ഇത് റദ്ദാക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കുന്നു എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ …..........

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

3. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴയ്ക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. കെ. എം. മാണി

35. ശ്രീ. സി. പി. മുഹമ്മദ്

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. സി. മോയിൻകുട്ടി

38. ശ്രീ. മോൻസ് ജോസഫ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ശ്രീ. കെ. മുരളീധരൻ

42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

43. ശ്രീ. ഉമ്മൻ ചാണ്ടി

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

45. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

46. ശ്രീ. രമേശ് ചെന്നിത്തല

47. ശ്രീ. പാലോട് രവി
48. ശ്രീ. റോഷി അഗസ്റ്റിൻ
49. ശ്രീ. കെ. എസ്. ശബരിനാഥൻ
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. വി. ഡി. സതീശൻ
52. ശ്രീ. ആർ. സെൽവരാജ്
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദ്ദീൻ
56. ശ്രീ. ഷിബു ബേബി ജോൺ
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. തോമസ് ഉണ്ണിയാടൻ
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്യുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
25. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
26. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
27. ശ്രീമതി കെ. കെ. ലതിക
28. ശ്രീ. മാത്യു റ്റി. തോമസ്
29. ശ്രീ. സി. കെ. നാണു
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. കെ. രാധാകൃഷ്ണൻ
32. ശ്രീ. പി. ടി. എ. റഹീം
33. ശ്രീ. ആർ. രാജേഷ്
34. ശ്രീ. റ്റി. വി. രാജേഷ്
35. ശ്രീ. കെ. രാജു
36. പ്രൊഫ. സി. രവീന്ദ്രനാഥ്
37. ശ്രീ. സി. കെ. സദാശിവൻ
38. ശ്രീ. സാജു പോൾ
39. ശ്രീമതി കെ. എസ്. സലീഖ
40. ശ്രീ. എസ്. ശർമ്മ
41. ശ്രീ. വി. ശശി
42. ശ്രീ. എ. കെ. ശശീന്ദ്രൻ
43. ശ്രീ. ബി. സത്യൻ

44. ശ്രീ. വി. ശിവൻകുട്ടി
45. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
46. ശ്രീ. ജി. സുധാകരൻ
47. ശ്രീ. വി. എസ്. സുനിൽ കുമാർ
48. ശ്രീ. കെ. സുരേഷ് കുറുപ്പ്
49. ശ്രീ. പി. തിലോത്തമൻ
50. ശ്രീ. തോമസ് ചാണ്ടി
51. ഡോ. ടി. എം. തോമസ് ഐസക്
52. ശ്രീ. ഇ. കെ. വിജയൻ
53. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കുന്നു എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ - 68

പ്രതികൂലിക്കുന്നവർ - 53

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.